A

712

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

ക്ലാസ്സ് : 7 | അടിസ്ഥാനപാഠാവലി | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1 - ആസ്വാദനക്കുറിപ്പ്**

"പീച്ച് മരങ്ങൾ മുറിച്ചപ്പോൾ അവൻ കരഞ്ഞിരുന്നു. തടയാൻപോലും ശ്രമിച്ചിരുന്നു. കാരണം അവന് പീച്ച് പുഷ്പങ്ങൾ ഇഷ്ടമായിരുന്നു." - നിങ്ങൾക്കും ഇഷ്ടമല്ലേ പൂക്കളും മരങ്ങളും?

ഈ കവിത വായിക്കൂ.

**മരം**

എനിക്ക് ഒരു മരമാവണം

ഈ മണ്ണിനെ
വേരുകൾകൊണ്ട്
ഹൃദയത്തോട് ചേർത്ത്
ഇറുകെ കെട്ടിപ്പിടിക്കണം!

വിഷം തീണ്ടി നീലിച്ച
ആകാശത്തെ
ആർദ്രമായി വീശിക്കൊടുക്കണം

നന്മകളുടെ കിളിമുട്ടകൾ
അടച്ചു വെച്ചു വിരിയിക്കാൻ
നനുത്ത കൂടു തൂക്കണം!

ചുറ്റും
ഒരുപാട്
നനവും നിനവും
തണുവും തണലും
കൂട്ടിവെച്ച്
കൂട്ടിവെച്ച്
അലിവിന്റെ വാനമാവണം!

| തണുവ് = തണുപ്പ് |
|---|

പിണങ്ങിപ്പോയ
എല്ലാ
പൂക്കളെയും
മണങ്ങളെയും
നിറങ്ങളെയും
ശബ്ദങ്ങളെയും
തിരികെ വിളിക്കണം!

ദ്രുപദ് ഗൗതം എന്ന വിദ്യാർത്ഥിയുടെ ഈ കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ.

**പ്രവർത്തനം 2 - വിലയിരുത്തൽക്കുറിപ്പ്**

വിശ്വപ്രസിദ്ധ ചലച്ചിത്രകാരൻ ചാർലി ചാപ്ലിൻ തന്റെ ആത്മകഥയിൽ ഇങ്ങനെ കുറിക്കുന്നു.

ആയിടയ്ക്ക് വല്ലാത്തൊരു സംഭവമുണ്ടായി. തെരുവിന്റെ അങ്ങേയറ്റത്ത് ഒരറവുശാലയുണ്ടായിരുന്നു. കശാപ്പു ചെയ്യാനുള്ള ആടുകളെ ഞങ്ങളുടെ വീടിനു മുന്നിലൂടെ കൂട്ടത്തോടെ കൊണ്ടുപോകും. ഒരിക്കൽ ഒരാട് ഈ കൂട്ടത്തിൽ നിന്നു രക്ഷപ്പെട്ട് തെരുവിലൂടെ ഓടിപ്പോയി. ആളുകൾക്കു നല്ല തമാശ തോന്നി. ചിലരതിനെ പിടിക്കാൻ നോക്കി. മറ്റു ചിലർ ഓട്ടത്തിനിടയിൽ മറിഞ്ഞുവീണു. ആടിന്റെ ഓട്ടവും വെപ്രാളവുമെല്ലാം കണ്ട് ഞാനാർത്തു ചിരിച്ചു. ആകെപ്പാടെ നല്ല രസം.

ഒടുവിൽ ആടിനെ പിടികൂടി കശാപ്പുശാലയിലേക്ക് കൊണ്ടുപോയി. അപ്പോഴാണ് ആ രംഗത്തിലെ ദുരന്തം എനിക്കു ബോധ്യപ്പെട്ടത്. എനിക്കു കരച്ചിൽ വന്നു. ഞാൻ വീടിനുള്ളിലേക്കോടിപ്പോയി. 'അവരതിനെ പിടിച്ചു. ഇപ്പൊ അവരതിനെ കൊല്ലും!' പൊട്ടിക്കരഞ്ഞുകൊണ്ട് ഞാനമ്മയോടു പറഞ്ഞു.

ആ സായാഹ്നവും അന്നത്തെ ആ ഹാസ്യരംഗവും ദിവസങ്ങളോളം എന്റെയുള്ളിലുണ്ടായിരുന്നു. ഭാവിയിലെ എന്റെ ചലച്ചിത്രങ്ങളുടെ ഹാസ്യവും ദുരന്തവും കലർന്ന പ്രമേയങ്ങൾ ഉടലെടുത്തത് ഈ സംഭവത്തിന്റെ ഓർമ്മയിൽ നിന്നല്ലേയെന്ന് പലപ്പോഴും ഞാൻ കരുതാറുണ്ട്.

നമ്മുടെ ചിന്തകളും ലക്ഷ്യങ്ങളും വികാരങ്ങളും നാം ജീവിക്കുന്ന ലോകത്തെ സൃഷ്ടിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു എന്ന കെ.പി.കേശവമേനോന്റെ അഭിപ്രായം ചാർലി ചാപ്ളിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

ബി. താഴെ കൊടുത്തിരിക്കുന്നവയിൽ ബഷീറിന്റെ കൃതി ഏത്?

(ആടു ജീവിതം, ബാല്യകാലസഖി, ഒരു ദേശത്തിന്റെ കഥ, രണ്ടാമൂഴം)

**പ്രവർത്തനം 3**

**അനുഭവക്കുറിപ്പ്**

അകിര കുറോസോവയുടെ 'ഡ്രീംസ്' എന്ന സിനിമ എട്ട് കഥകളായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. അതിലൊന്നാണ് നമ്മൾ കണ്ട 'പീച്ച് പൂന്തോട്ടം'. ഈ എട്ട് കഥകളും ബാല്യം മുതൽ അദ്ദേഹം കണ്ട സ്വപ്നങ്ങളായിരുന്നു.

നിങ്ങളും ധാരാളം സ്വപ്നങ്ങൾ കാണാറില്ലേ? കണ്ട സ്വപ്നങ്ങളിൽ നിങ്ങളെ വിസ്മയിപ്പിക്കുകയും രസിപ്പിക്കുകയും കരയിക്കുകയും പേടിപ്പിക്കുകയും ചെയ്തവ ഉണ്ടാവാം. നിങ്ങളുടെ ഏതെങ്കിലും ഒരു സ്വപ്നാനുഭവം കുറിക്കുക. അനുയോജ്യമായ തലക്കെട്ട് നൽകുമല്ലോ.

ബി. ശരിയായ പദമേത്?

1. ഉദ്ധേശം
2. ഉദേശം
3. ഉദ്ദേശം

**പ്രവർത്തനം 4 – പോസ്റ്റർ**

ജനുവരി 19 വൈക്കം മുഹമ്മദ് ബഷീറിന്റെ 'ജന്മദിനമാണല്ലോ. ഇതിന്റെ ഭാഗമായി ഭാഷാക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 'ഒരു മനുഷ്യൻ' എന്ന ടെലിഫിലിം അമ്മക്കൂട്ടായ്മയിൽ പ്രദർശിപ്പിക്കുന്നു. ഇതിന്റെ പ്രചരണത്തിനായി ഒരു പോസ്റ്റർ തയ്യാറാക്കുക.

**പ്രവർത്തനം 5 – അഭിപ്രായക്കുറിപ്പ്**

പുരാണനാടകം

സാമൂഹിക നാടകം

ദേശക്കാർ മുഴുവനും അരങ്ങിലൊത്തുകൂടും

വീടുകൾ അടച്ചുപൂട്ടി താക്കോൽ അരയിൽ തിരുകിയായിരുന്നില്ല ആളുകൾ നാടകം കാണാൻ പോയിരുന്നത്. മുൻവാതിൽ വെറുതെ ചാരിയേക്കും, അത്ര തന്നെ.

എ. ദേശക്കൂട്ടായ്മയും നാടകാവതരണവുമെല്ലാം 'അരങ്ങുണരുന്നു' എന്ന പാഠഭാഗത്തു നിന്നും നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇക്കാലത്ത് ഇത്തരം കൂട്ടായ്മകളുണ്ടോ? നിങ്ങളുടെ അഭിപ്രായം ഒരു കുറിപ്പായി എഴുതുക.

ബി. നാടകത്തിനുള്ള കൊട്ടക – നാടകക്കൊട്ടക

ഇതുപോലെ

വികാരത്തിന് അധീനൻ – എന്നത് എങ്ങനെ മാറ്റിയെഴുതാം.

*****